# ലോക വനിതാ ദിനത്തിൽ 3 പോലീസ് സ്റ്റേഷനുകളിൽ വനിതാ എസ്.എച്ച്.ഒ

ലോകവനിതാ ദിനമായ 08.03.2018 – ൽ എറണാകുളം റൂറൽ ജില്ലയിലെ 3 പോലീസ് സ്റ്റേഷനുകളിൽ വനിത എസ്.ഐമാരായിരിക്കും എസ്.എച്ച്.ഒ ചാർജ്ജിലുണ്ടായിരിക്കുകയെന്ന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. എ.വി.ജോർജ്ജ് ഐപിഎസ് അവർകൾ അറിയിച്ചു.

ആലുവ ഈസ്റ്റ്, പെരുമ്പാവൂർ, മുവാറ്റുപുഴ എന്നീ പോലീസ് സ്റ്റേഷനുകളിലായിരിക്കും വനിതാ എസ്.എച്ച്.ഒ –മാരെ നിയമിക്കുന്നത്. ശ്രീമതി. വിൻസി ഏലിയാസ്– ആലുവ ഈസ്റ്റ്, ശ്രീമതി. സൈനബ.പിഎസ് – മുവാറ്റുപുഴ, ഉഷ.എ.എസ്– പെരുമ്പാവൂർ എന്നിങ്ങനേയാണ് അന്നേ ദിവസത്തേക്ക് മാത്രമായി നിയമിച്ചിരിക്കുന്നത്.

പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ അന്നേ ദിവസം, എസ്.എച്ച്.ഒ–യെ കൂടാതെ ജി.ഡി. ചാർജ്ജ്, സ്റ്റേഷൻ സെൻട്രി ഡ്യൂട്ടി, പെറ്റീഷൻ എൻക്വയറി തുടങ്ങി എല്ലാ ഡ്യൂട്ടിയിലും വനിതാ പോലീസ് ഉദ്യോഗസ്ഥരായിരിക്കും കൃത്യനിർവ്വഹണത്തിൽ ഏർപ്പെടുന്നത്. കൂടാതെ റൂറൽ ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും അന്ന് പ്രധാന ജോലികളായ ജി.ഡി ചാർജ്ജ്, സ്റ്റേഷൻ പാറാവ്, പരാതി അന്വേഷണം എന്നിവയ്ക്ക് പരമാവധി വനിതാ പോലീസിനെ നിയോഗിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട് ജില്ലാ പോലീസ് മേധാവി ഉത്തരവ് പുറപ്പെടുവിച്ചു.

കഴിഞ്ഞ വർഷവും എറണാകുളം റൂറൽ ജില്ലയിൽ ലോകവനിത ദിനം ഇത്തരത്തിൽ ആചരിച്ചിരുന്നു. എടത്തല പോലീസ് സ്റ്റേഷൻ വനിതാ പോലീസ് സ്റ്റേഷനായാണ് അന്ന് ആചരിച്ചത്.